(ബി) ഇതിനായി എൽ.ഐ.സി.-യിൽ നിന്നും ഭാഗികമായി സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ മതിപ്പ് ചെലവ് 1235 ലക്ഷം രൂപയാണ്. എൽ.ഐ.സി.-യിൽ നിന്നും 247.38 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചു. ആകെ 280 ലക്ഷം രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിനുവേണ്ട ബാക്കി തുക കണ്ടെത്തേണ്ടിയിരിക്കുന്നു.

(ഡി) ഫണ്ട് ലഭ്യമായാൽ രണ്ട് വർഷത്തിനകം പണികൾ പൂർത്തീകരിയ്ക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

എം.വി.ഐ.പി. പദ്ധതിയുടെ രാമമംഗലം ബ്രാഞ്ച് കനാലിന്റെ പണി

56(1332) ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. വി. ഐ. പി. പദ്ധതിയുടെ രാമമംഗലം ബ്രാഞ്ച് കനാലിന്റെ പണികൾ തീർന്നുകഴിഞ്ഞോ;

(ബി) ഇല്ലെങ്കിൽ ഇനി അവശേഷിക്കുന്ന പണികൾ എന്തെല്ലാമെന്നു വെളിപ്പെടുത്തുമോ;

(സി) രാമമംഗലം ബ്രാഞ്ച് കനാലിൽ നിന്നുള്ള ഒലിയപ്പുറം, കാക്കൂർ, അമ്മാനിമറ്റം, കക്കാട്, മാമലശ്ശേരി, കിഴുമുറി, ഊരമന എന്നീ ഡിസ്ട്രിബ്യൂട്ടറികളുടെ ഓരോന്നിന്റെയും ദൈർഘ്യം എത്രവീതമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഓരോ ഡിസ്ട്രിബ്യൂട്ടറികളുടേയും പണി തീർന്ന ദൂരം എത്രയെന്നു വെളിപ്പെടുത്തുമോ;

(ഇ) ഇനി അവശേഷിക്കുന്ന ജോലികൾ എന്തെല്ലാം;

(എഫ്) ഈ വർക്കുകൾ ടെന്റർ ചെയ്തിട്ടുണ്ടോ;

(ജി) ഇത് എന്നത്തേക്ക് പൂർത്തിയാകും;

(എച്ച്) 22-5-2004-ൽ മന്ത്രി നടത്തിയ റിവ്യൂ മീറ്റിംഗിലെ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു;

(ഐ) ഇതനുസരിച്ചുള്ള പുരോഗതി ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ജെ) എന്നത്തേയ്ക്ക് ഈ ജോലികൾ പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) രാമമംഗലം ബ്രാഞ്ച് കനാലിന്റെ മുഴുവൻ പണികളും തീർന്നു കഴിഞ്ഞു.

(സി)

ഒലിയപ്പുറം	-	1.03 കി. മീ.
കാക്കൂർ	-	6.71 കി. മീ.
അമ്മാനിമറ്റം	-	1.40 കി. മീ.
കക്കാട്	-	7.30 കി. മീ.
മാമലശ്ശേരി	-	7.10 കി. മീ.
കിഴുമുറി	-	3.69 കി. മീ.
ഊരമന	-	7.91 കി. മീ.

(ഡി)

ഒലിയപ്പുറം	-	മുഴുവൻ പണി തീർന്നു
കാക്കൂർ	-	4.71 കി. മീ. തീർന്നു
അമ്മാനിമറ്റം	-	മുഴുവൻ പണി തീർന്നു
കക്കാട്	-	മുഴുവൻ പണി തീർന്നു
മാമലശ്ശേരി	-	6.455 കി. മീ. പണി തീർന്നു
കിഴുമുറി	-	മുഴുവൻ പണി തീർന്നു
ഊരമന	-	5.732 കി. മീ. പണി തീർന്നു

(ഇ) ഇനി അവശേഷിക്കുന്ന ജോലികൾ

1. കാക്കൂർ	-	2 കിലോ മീറ്റർ മുതൽ 4 കിലോ മീറ്റർ വരെ
2. മാമലശ്ശേരി	-	625 മീറ്റർ - 870 മീറ്റർ വരേയും - 1400 മീറ്റർ - 1800 മീറ്റർ വരെയുള്ള 2 നീർപ്പാലങ്ങൾ
3. ഊരമന	-	1221 മീറ്റർ - 1389 മീറ്റർ വരെയുള്ള നീർപ്പാലം 4 കിലോ മീറ്റർ മുതൽ 6 കിലോ മീറ്റർ വരെയുള്ള കനാൽ പണികൾ.

(എഫ്, ജി)

കാക്കൂർ	-	ടെന്റർ ചെയ്തു.
മാമലശ്ശേരി	-	625മീ. - 870 മീ.-ന്റെ വർക്ക് 23-2-2006-ന് റീടെണ്ടർ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മാമലശ്ശേരി - 1400 മീ. - 1800 മീറ്ററിന്റെ ടെന്റർ സർക്കാർ പരിശോധിച്ചുവരുന്നു.

ഊരമന - റീ-ടെന്റർ ചെയ്തിരിക്കുകയാണ്.

മേൽ പ്രവൃത്തികൾ 2006 അവസാനത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(എച്ച്) ദർഘാസ് അവസ്ഥയിലായിരുന്ന രാമമംഗലം ഉപകനാലിന്റെ ചെയ്നേജ് 1500 മീറ്റർ മുതൽ 3920 മീറ്റർ, ഊരമന ഉപകനാലിന്റെ 1221 മീറ്റർ - 1389 മീറ്റർ, കക്കാട് ഉപകനാലിന്റെ 835 മീറ്റർ - 1066 മീറ്റർ, കിഴുമുറി ഉപകനാലിന്റെ 2403 മീറ്റർ - 2750 മീറ്റർ വരെയുള്ള പണികൾ ഒഴിച്ച് രാമമംഗലം ശാഖാകനാലും ഉപകനാലുകളും 12/04-ൽ പൂർത്തിയാക്കണമെന്നാണ് തീരുമാനിച്ചിരുന്നത്.

(ഐ, ജെ) മദ്ധ്യകേരളത്തിലെ കാലാവസ്ഥാ പ്രത്യേകതകൾ, ഫണ്ടിന്റെ അപര്യാപ്തത, നിർമ്മാണസാമഗ്രികളുടെ ദൗർലഭ്യം ഇവ കാരണം പ്രതീക്ഷിച്ചതുപോലെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും 2006 അവസാനത്തോടെ അവശേഷിക്കുന്ന കനാലുകളുടെ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കടൽഭിത്തി നിർമ്മാണം

57(1333) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമിക്കുശേഷം കടൽഭിത്തി നിർമ്മാണത്തിന് ഏതെല്ലാം പ്രദേശങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) ആയതിലേക്ക് എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ മൂന്നു വർഷമായി തുടർച്ചയായി കടൽക്ഷോഭം അനുഭവപ്പെടുന്ന ഇരവിപുരം പ്രദേശത്തെ കടൽഭിത്തി നിർമ്മാണത്തിന് എന്ത് തുക വകയിരുത്തിയിട്ടുണ്ട്?

ഉത്തരം

(എ) സുനാമിക്കുശേഷം കടൽഭിത്തി നിർമ്മാണത്തിന് താഴെ പറയുന്ന പ്രദേശങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ താഴംപള്ളി, ഇടവ, പൂന്തുറ, പൂന്തുറ പൊഴി, വിഴിഞ്ഞം ഭാഗത്ത് കരിനുള്ളികര.

കൊല്ലം ജില്ലയിൽ ആലപ്പാട്ട് പഞ്ചായത്തിൽ ജയന്തി കോളനി, ചെറിയഴീക്കൽ, ശ്രായിക്കാട്, കഴുകൻ തുരുത്ത്, പറയക്കടവ്, തൃക്കുന്നപ്പുഴ, പതിയാൻകര, ഇരവിപുരം മണ്ഡലത്തിൽ താന്നി, കെ.എ.എം.എൻ. ഭാഗത്ത് കോവിൽത്തോട്ടം.

LIBRARY ARCHIVES Kerala Legislative Assembly